## വാഴൂർ ബ്ലോക്ക് പഞ്ചായത്ത്

# പൗരാവകാശ രേഖ

## 2026

### വാഴൂർ ബ്ലോക്ക് പഞ്ചായത്ത്

### കോട്ടയം ജില്ല

**കേരളാ പഞ്ചായത്ത് രാജ് നിയമം**

**വകുപ്പ് 272 പ്രകാരം പ്രസിദ്ധീകരിക്കുന്നത്**



ഞങ്ങളുടെ സ്ഥാപനത്തിലെ ഏറ്റവും പ്രധാനപ്പെട്ട സന്ദർശകൻ ഉപഭോക്താവാണ്.
അയാൾ ഞങ്ങളെ ആശ്രയിക്കുകയല്ല, അയാളെ ഞങ്ങൾ ആശ്രയിക്കുകയാണ്
ഞങ്ങളുടെ ജോലിക്ക് അയാൾ ഒരു തടസ്സമല്ല. ഞങ്ങളുടെ ലക്ഷ്യം തന്നെ അയാളാണ്.
ഞങ്ങളുടെ പ്രവർത്തനത്തിൽ അയാൾ പുറത്തുനിന്നുള്ളയാളല്ല.
അയാൾ ഞങ്ങളുടെ പ്രവർത്തനത്തിന്റെ ഭാഗമാണ്.
ഞങ്ങൽ അയാളെ സേവിക്കുക വഴി അയാളോട് ഒരു സൗമനസ്യവും കാട്ടുന്നില്ല.
സേവിക്കാൻ അവസരം തരുന്നതു വഴി അയാൾ ഞങ്ങളോട് സൗമനസ്യം കാട്ടുന്നത്
–മഹാത്മാഗാന്ധി–



**അഡ്വ. ജയാ ശ്രീധർ**

**പ്രസിഡന്റ്**



**ശ്രീ. അലക്സ് റ്റോം**

**വൈസ് പ്രസിഡന്റ്**

# വാഴൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ



ശ്രീമതി. മിനി സേതുനാഥ്
(വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി
ചെയർപേഴ്സൺ)



ശ്രീമതി. റ്റി. കെ. ഉഷാകുമാരി
(ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി
ചെയർപേഴ്സൺ)



ശ്രീ. ജേക്കബ് മാത്യു
(ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാന്റിംഗ്
കമ്മറ്റി ചെയർപേഴ്സൺ)



ശ്രീ. ശ്രീജിത്ത് മോഹനൻ
(മെമ്പർ)



ശ്രീ. മുഹമ്മദ് ഫൈസൽ.കെ.വൈ
(മെമ്പർ)



ശ്രീ. വി.പി. റെജി
(മെമ്പർ)



ശ്രീമതി ജയശ്രീ വിജയകുമാർ
(മെമ്പർ)



ശ്രീമതി. ജയാ ബാലചന്ദ്രൻ
(മെമ്പർ)



ശ്രീമതി. സുനി ജിജി
(മെമ്പർ)



ശ്രീ. അനിയൻ ആറ്റുകുഴി
(മെമ്പർ)



ശ്രീ. ജോസഫ് ദേവസ്യ
(മെമ്പർ)



ശ്രീമതി. ജയമോൾ റ്റോമി
(മെമ്പർ)



ശ്രീമതി. ബീന എം
(മെമ്പർ)

# ലോക്സഭാ നിയമസഭാ അംഗങ്ങൾ



ശ്രീ. ആന്റോ ആന്റണി എം. പി
പത്തനംതിട്ട



റോണി കെ. ബേബി എം. എൽ. എ
കാഞ്ഞിരപ്പള്ളി

# ജില്ലാ പഞ്ചായത്ത് അംഗങ്ങൾ



ശ്രീ. അജിത്ത് മുതിരമല
(പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ
കങ്ങഴ ഡിവിഷൻ)



ശ്രീ. തോമസ് കുന്നപ്പള്ളി
(കാഞ്ഞിരപ്പള്ളി ഡിവിഷൻ )



അഡ്വ. അഭിലാഷ് ചന്ദ്രൻ
(പൊൻകുന്നം ഡിവിഷൻ)

# ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ



ശ്രീ. റ്റി. എൻ. ഗിരീഷ്കുമാർ
(ചിറക്കടവ്)



ശ്രീ. മാത്യു ജോൺ
(കറുകച്ചാൽ)



ശ്രീമതി. ജലജ മോഹൻ
(വെള്ളാവൂർ)



പ്രൊഫ. എസ്. പുഷ്കലാദേവി
(വാഴൂർ)



ശ്രീമതി. രാജമ്മ രവീന്ദ്രൻ
(നെടുംകുന്നം)



ശ്രീ. മുഹമ്മദ് അൽസാഫ് എം. എ
(കങ്ങഴ)

## ഉള്ളടക്കം


- സമർപ്പണം
- ആമുഖം
- പ്രസ്താവന
- പൊതുവിവരം
- ചരിത്രം
- ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ
- നിർവ്വഹണ ഉദ്യോഗസ്ഥർ
- ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാർ
- ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ
- ബ്ലോക്ക് പഞ്ചായത്ത് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ
- ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരുടെ ചുമതലകളും സേവനങ്ങളും
- ഉത്തരവാദിത്വവും ചുമതലകളും
- ജന പ്രതിനിധികളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും
- ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ
- സേവനാവകാശം
- പൗരാവകാശ രേഖ സ്ഥാപന അടിസ്ഥാനത്തിൽ
- പഞ്ചായത്ത് രാജ് പ്രധാന നിയമങ്ങളും ചട്ടങ്ങളും
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
- എം.ജി.എൻ.ആർ.ഇ.ജി.എസ്. രജിസ്ട്രേഷനുള്ള അപേക്ഷാ ഫോറം

# സമർപ്പണം

ജനസേവനാർത്ഥമുള്ള സർക്കാർ ഓഫീസുകളിൽ നിന്നും യഥാവിധി, യഥാ സമയം സേവനങ്ങൾക്ക് ജനങ്ങൾക്ക് ലഭ്യമാകുമ്പോഴേ പ്രസ്തുത കാര്യാലയങ്ങൾ ജനസൗഹൃദവും അക്ഷരാർത്ഥത്തിൽ ജനോപകാരപ്രദ മാകുകയുള്ളൂ. ഔദ്യോഗിക പദവികളിലമരുന്ന ജീവനക്കാർ ജനസേവകരാവുകയും, സേവനസ്വീകർത്താക്കളായ പൗരന്മാർക്ക് അവരോട് സാഹോദര്യത്തോടെയും സ്വാതന്ത്ര്യത്തോടെയും പെരുമാറുകയും ചെയ്യുമ്പോൾ മാത്രമേ ഓഫീസ് ഇടപാടികളിൽ സുതാര്യത കൈവരിക്കാനാവു.

സേവനം എന്നാൽ ഒരു പൗരന്റെ ജീവിതസൗകര്യം മെച്ചപ്പെടുത്തുന്നതിന് സൗജന്യമായോ ന്യായമായ ഫീസ് ഈടാക്കിയോ സർക്കാർ ഓഫീസിൽ നിന്ന് അയാൾക്ക് ചെയ്തുകൊടുക്കാവുന്ന സഹായം എന്നർത്ഥമാകുന്നു. സാമ്പത്തിക സഹായം നൽകലും ഏതെങ്കിലും കാര്യത്തിനായി അനുവാദമോ, ലൈസൻസോ, സർട്ടിഫിക്കറ്റോ നൽകലും അതിൽ ഉൾപ്പെടുന്നു. കാര്യാലയങ്ങളിൽ നിന്നു ലഭിക്കേണ്ട സേവനങ്ങൾ ജനങ്ങളുടെ അവകാശമാണ്. അവനേൽക്കണ്ടത് ജീവനക്കാരുടെ ബാദ്ധ്യതയും ഏതൊക്കെ സേവനങ്ങളാണ് ലഭ്യമാവുക എന്ന് ഓരോ കാര്യാലയവും പൗരന്മാരെ അറിയിക്കേണ്ടതുണ്ട്.

സേവനം നൽകിയാൽ പോരാ, ന്യായമായ കാലപരിധിക്കുള്ളിൽ അർഹതപ്പെട്ടവന് അത് ലഭ്യമാക്കണം. പൗരന്മാർക്ക് എന്തെല്ലാം സേവനങ്ങൾ സമയ ബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്നും, അത്തരം ഒരു സേവനം ലഭ്യമാക്കുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും, പ്രസ്തുത സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയായിരിക്കണമെന്നും ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. പഞ്ചായത്ത് രാജ് ആക്ട് 272 എ വകുപ്പ് പ്രകാരം പൗരാവകാശ രേഖ തയ്യാറാക്കണമെന്നും അതു പ്രസിദ്ധീകരിക്കണമെന്നും നിഷ്കർഷിച്ചിട്ടുള്ളത് പൗരന് സേവനം നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്നതിനുള്ള അവകാശം നിയമംവഴി ഉറപ്പാക്കുന്നതിനാണ്.

അപ്പോൾ, ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ പൗരാവകാശരേഖ എന്നു പറഞ്ഞാൽ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് സമയബന്ധിതമായി ലഭ്യമാക്കാമെന്ന് പ്രസ് തുക പഞ്ചായത്ത് സ്വമേധയാ വാഗ്ദാനം ചെയ്യുന്നതും അതനുസരിച്ച് അവർക്ക് അർഹമായതുമായ സേവനങ്ങളും അവയെ സംബന്ധിച്ച വ്യവസ്ഥകളും അവ ലഭ്യമാക്കുന്ന സമയപരിധിയും വിവരിക്കുച്ചുകൊണ്ട് ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്ന ഒരു പത്രിക എന്നർത്ഥമാകുന്നു.

അപ്പോൾ, ബ്ലോക്ക് പഞ്ചായത്ത് മുൻപ് പ്രസിദ്ധീകരിച്ചിട്ടുള്ള പൗരാവകാശ രേഖ ഇപ്പോൾ, ഈ ഓഫീസ് കൂടുതൽ ജനസൗഹൃദമാക്കി ഐ.എസ്.ഒ സർട്ടിഫിക്കേഷന് സജ്ജമാക്കുന്നതോടൊപ്പം, പുതുക്കി പ്രസിദ്ധീകരിക്കുകയാണ്. ബ്ലോക്ക് പഞ്ചായത്തിന്റെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും സേവനങ്ങൾ ചിട്ടപ്പെടുത്തി സമയബന്ധിതമായി സേവനം പൗരൻമാർക്ക് ഉറപ്പാക്കുക എന്നതാണ് ഈ രേഖ പ്രാവർത്തികമാക്കുകവഴി ഭരണ സമിതി ലക്ഷ്യമിടുന്നത്. രേഖയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സമ്പൂർണ്ണാർത്ഥത്തിൽ സാക്ഷാത്കരിക്കുന്നതിന് ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും സർവ്വോപരി ജനങ്ങളുടെ സഹകരണം അനിവാര്യമാണ്. അനുഭാവികളുടെ സ്വഭാവ്യതയും സാക്ഷാത്കാരവും പ്രതീക്ഷിച്ചുകൊണ്ട്, വാഴൂർ ബ്ലോക്ക് പഞ്ചായത്തിലെ പൗരൻമാർക്ക് ഗുണനിലവാരമുള്ള സേവനം യഥാസമയം ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഈ പൗരാവകാശരേഖ നിറഞ്ഞ മനസ്സോടെ പൊതുജന സമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

വാഴൂർ

01-09-2026

പ്രസിഡന്റ്

**അഡ്വ. ജയാശ്രീധർ**

വാഴൂർ ബ്ലോക്ക് പഞ്ചായത്ത്

## ആമുഖം

ഇൻഡ്യൻ ഭരണഘടനയുടെ 73-ാം ഭേദഗതി പ്രകാരമാണ് ഇൻഡ്യയിൽ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നത്. പഞ്ചായത്ത് രാജ് നിയമത്തിലെ 272 (A) വകുപ്പ് പൗരന്റെ അറിയാനുള്ള അവകാശത്തെയും പൗരാവകാശ രേഖയേയും പറ്റി പ്രതിപാദിക്കുന്നു. സമഗ്രവികസനത്തിന് കൂടുതൽ ഊന്നൽ നൽകണമെന്ന് ഈ ഭേദഗതി പ്രകാരം പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്നു. സെൻ കമ്മറ്റി ശുപാർശകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ ഭേദഗതിയാണ് ജനങ്ങളുടെ ഹിതത്തിന് അനുസരിച്ച് പ്രാധാന്യം നേടി നിയമത്തെ സമ്പുഷ്ടമാക്കിയത്.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും നിയമപരമായി നിർണ്ണയിക്കപ്പെട്ട രീതിയിൽ പൗരന്മാർക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങളേയും അവ ലഭിക്കുന്നതിനുള്ള സമയപരിധിയേയും സംബന്ധിച്ച് ഒരു പൂപരേഖ പ്രസിദ്ധപ്പെടുത്തേണ്ടതാമെന്നും 272 (A) വകുപ്പ് അനുശാസിക്കുന്നു. സർക്കാർ സ്ഥാപനങ്ങൾ നടപ്പാക്കുന്ന എല്ലാവിധ വികസന ക്ഷേമ പ്രവർത്തനങ്ങളും യഥാസമയം നിയമാനുസരണം സുതാര്യമായി നടപ്പാക്കുകയും അത് ജനങ്ങളിൽ എത്തിക്കുകയും വേണം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളുടെ കാര്യത്തിലും സുതാര്യതയും കൃത്യതയും ആവശ്യമാണ്. കൈമാറ്റം ചെയ്യപ്പെട്ട വിവിധ വകുപ്പ് സ്ഥാപനങ്ങൾക്കും ഇത് ഒരുപോലെ ബാധകമാണ്. ഇത്തരം സംവിധാനങ്ങൾ വഴി നിയമാനുസരണം ചുമതലപ്പെട്ട കർത്തവ്യങ്ങൾ ഏതൊരു ഉദ്യോഗസ്ഥനും കൃത്യനിഷ്ഠയോടെയും അഴിമതി രഹിതമായും നിർവ്വഹിക്കുന്നതാണെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ പൊതുജനങ്ങൾക്ക് അവർക്ക് ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും അറിയുന്നതിനും സഹായകമാകും.

വാഴൂർ ബ്ലോക്ക് പഞ്ചായത്തും അതിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട വിവിധ ഘടക സ്ഥാപനങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന സേവനങ്ങൾ അവയുടെ വ്യവസ്ഥകൾ അവ ലഭ്യമാക്കുന്ന സമയപരിധി എന്നിവ സംബന്ധിച്ച് ഒരു രേഖ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. നമ്മുടെ ബ്ലോക്ക് പഞ്ചായത്ത് ഐ.എസ്.ഓ അംഗീകാരം നേടിയ ഈ പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. ഉള്ളടക്കം സ്വരൂപിക്കുന്നതിനും ക്രമീകരിക്കുന്നതിനും എന്നെ സഹായിച്ച മഹത്‌വ്യക്തികളോട് നന്ദി അറിയിക്കുന്നു.

ഭരണ സമിതിക്കുവേണ്ടി,

ഒപ്പ്

**മിനി സേതുനാഥ്**

ചെയർമാൻ

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

വാഴൂർ

09-12-2024

## പ്രസ്താവന

കേരളാ പഞ്ചായത്ത് രാജ് Act 272എ വകുപ്പ് പ്രകാരം വാഴൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള ഈ പൗരവകാശ രേഖയിൽ രേഖപ്പെടുത്തിയിട്ടുള്ള സേവന വിവരങ്ങൾ നിയമാനുസൃതം പ്രസ്താവിക്കപ്പെട്ട പ്രകാരമുള്ള സമയപരിധിക്കുള്ളിൽ പൗരന്മാർക്ക് എത്രയും വേഗത്തിൽ അർഹമായ സേവനം നൽകുന്നതിന് ഈ ഓഫീസ് ബാദ്ധ്യസ്ഥവുമാണ്.

പൊതുജനങ്ങൾക്ക് ഈ പൗരാവകാശ രേഖയിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം, നിശ്ചിത സമയ പരിധിക്കുള്ളിൽ അവർക്ക് അർഹമായ സേവനം ലഭിക്കാത്ത പക്ഷം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറി എന്നിവർക്ക് നേരിട്ടോ കത്തുമുഖേനയോ ടെലിഫോൺ മുഖേനയോ പരാതി ബോധിപ്പിക്കാവുന്നതാണ്. ഇപ്രകാരമുള്ള പരാതിയിന്മേൽ ഉടൻ നടപടി സ്വീകരിക്കുകയും ഇര്പകാരം സ്വീകരിച്ച നടപടി ബന്ധപ്പെട്ട വ്യക്തിയെ രേഖാമൂലം അറിയിക്കുന്നതുമാണ്. തൃപ്തികരമായ മറുപടി പൊതുജനങ്ങൾക്ക് ലഭിക്കാത്ത പക്ഷം ഓംബുസ്മാൻ വിവരാവകാശ നിയമപ്രകാരം നിയോഗിക്കപ്പെട്ട അധികാരികൾ എന്നിവർക്ക് പരാതി നൽകാവുന്നതാണ്. പൊതുജനങ്ങൾക്ക് ഈ ഓഫീസിൽ നിന്നും അങ്ങേയറ്റം തൃപ്തികരമായി സേവനം ലഭ്യമാക്കുകയും പരാതികൾ പൂർണ്ണമായും ഒഴിവാക്കി എല്ലാ വിഭാഗത്തിലുംപെട്ട പൊതുജനങ്ങൾക്ക് കൃത്യതയോടും വേഗത്തിലും സേവനം ലഭ്യമാക്കുക എന്ന പരമപ്രധാനമായ ലക്ഷ്യമാണ് ഈ പൗരാവകാശ രേഖയിലുള്ളത്.

എവരുടെയും സഹകരണം കാംക്ഷിക്കുന്നു.

**ബിമ എം.**

സെക്രട്ടറി

വാഴൂർ ബ്ലോക്ക് പഞ്ചായത്ത്

വാഴൂർ

01- 09- 2026

# പൊതുവിവരം

1. ബ്ലോക്ക് പഞ്ചായത്തിലുൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾ
    1. ചിറക്കടവ്
    2. കങ്ങഴ
    3. കറുകച്ചാൽ
    4. നെടുംകുന്നം
    5. വാഴൂർ
    6. വെള്ളാവൂർ

| | | |
|---|---|---|
| 2. വിസ്തൃതി | – | 150.34 ച.കി.മി |
| 3. ജനസംഖ്യ | – | 1,43,894 |
| എ) സ്ത്രീകൾ | – | 79,033 |
| ബി) പുരുഷൻമാർ | – | 69861 |
| 4. പട്ടികജാതിക്കാർ | – | 12,708 |
| എ) സ്ത്രീകൾ | – | 6,513 |
| ബി) പുരുഷൻമാർ | – | 6,195 |
| 5. പട്ടികവർഗ്ഗക്കാർ | – | 765 |
| എ) സ്ത്രീകൾ | – | 397 |
| ബി) പുരുഷൻമാർ | – | 368 |
| 6. ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണം | – | 13178 |
| 7. സാക്ഷരത | – | 97% |
| 8. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | – | 18 |
| 9. ഗ്രാമപഞ്ചായത്തു വാർഡുകൾ | – | 103 |
| 10. ആസ്ഥാനം | – | ചാമംപതാൽ |
| 11. ഉൽപ്പെടുന്ന താലൂക്കുകൾ | – | ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി |
| 12. വില്ലേജുകൾ | – | കറുകച്ചാൽ, നെടുംകുന്നം, കങ്ങഴ, വെള്ളാവൂർ, വാഴൂർ, ചിറക്കടവ്, ചെറുവള്ളി, തോട്ടയ്ക്കാട് (ഭാഗികം) |

# വാഴൂർ: ബ്ലോക്ക് പഞ്ചായത്ത് ചരിത്രം

വാഴ്‌വിന്റെ ഊര് അഥവാ ഐശ്വര്യത്തിന്റെ നാട് - വാഴൂർ, വാഴാൻ പറ്റിയ ഊര് വാഴൂർ അഥവാ ജീവിക്കാൻ പറ്റിയ പ്രദേശം - വാഴൂർ

വാഴൂർ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിന്റെവളർച്ചയിൽ ചരിത്രപരവും സാമൂഹ്യവും സാംസ്കാരികവുമായ ഒരു പശ്ചാത്തലമുണ്ട്. എ.ഡി പതിനൊന്നാം നൂറ്റാണ്ടിൽ ചേര സാമ്രാജ്യത്തിന്റെ തകർച്ചയെ തുടർന്ന് പല സാമന്തൻമാരും ഇടപ്രഭുക്കന്മാരും സ്വയം ഭരണാധികാരികളായി പ്രഖ്യാപിച്ച് സ്വന്തമായി രാജ്യങ്ങൾ സ്ഥാപിച്ചു. പഴയ കോട്ടയം ഡിവിഷനിൽപെടുന്ന പ്രദേശങ്ങൽ വടക്കുംകൂർ, തെക്കുംകൂർ, പൂഞ്ഞാർ ഇടപ്പള്ളി ആലങ്ങാട് എന്നിങ്ങനെ ആറു രാജ്യങ്ങളായിരുന്നു. എ.ഡി 1100 - നടുത്ത് വെൺപൊലിനാട് രണ്ടു രാജ്യങ്ങളായി പിരിഞ്ഞ് ഉണ്ടായതാണ്. തെക്കുംകൂറും, വടക്കുംകൂറും. വാഴൂർ ബ്ലോക്ക് പ്രദേശം തെക്കുംകൂറിൽ പെട്ടിരിക്കുന്നു.

1794 - ൽ മാർത്താണ്ഡവർമ്മ തെക്കുംകൂർ പിടിച്ചടക്കിയതോടെ ഭൂമിയെക്കുറിച്ച് കണ്ടെഴുത്ത് നടത്തി ഉടമസ്ഥതയെക്കുറിച്ച് പൂർണ്ണ വിവരമടങ്ങുന്ന രേഖകൾ തയ്യാറാക്കി. അവർകുരുമുളക് തോട്ടങ്ങൾക്ക് സംരക്ഷണം ഏർപ്പെടുത്തിയതോടെ ആധുനികകൃഷിയുടെ ആരംഭം കുറിച്ചു. 1850 കാലഘട്ടത്തോടെ ക്രിസ്ത്യൻ മിഷനറിമാർ പ്രദേശത്ത് കുടിയേറിപ്പാർത്തു. അന്ന് ഭൂവുടമകളായിരുന്ന ചുരുക്കം ജന്മിമാരിൽ നിന്നും ഒറ്റിയും, കുഴിക്കാണവും വഴി ഭൂമി വാങ്ങിയ ക്രിസ്ത്യൻകുടിയേറ്റക്കാരാണ് കാടുകൾ കൃഷിചെയ്തു നാടാക്കി മാറ്റിയവരിൽ പ്രധാനികൾ.

സ്വാതന്ത്ര ലബ്ധിക്കുശേഷം ഗ്രാമവികസനപ്രവർത്തനങ്ങൾ 1950 - കളിൽ പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് നടപ്പാക്കിതുടങ്ങിയത്. ഇതിന്റെ അനുഭവത്തിൽ നിന്നാണ് ദേശീയ വിജ്ഞാന വ്യാപന പരിപാടി (എൻ.ഇ.എസ്) രൂപീകരിച്ച്. 1952 ഒക്ടോബർ 2 ന് വിവിധ സംസ്താനങ്ങളിലെ 55 പ്രദേശങ്ങളിൽ സാമൂഹ്യ വികസന പരിപാടികൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി കേരളത്തിൽ പാലക്കാട്, കുന്നത്തുനാട്, ചാലക്കുടി, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ ഇത്തരം പരിപാടികൾ നടപ്പാക്കുന്നതിനുള് ഏജൻസികളായ എൻ.ഇ.എസ്. ബ്ലോക്കുകൾ രൂപീകരിക്കപ്പെട്ടു. ഒരു ലക്ഷം ജനങ്ങൾക്ക് ഒരു ബ്ലോക്ക് എന്ന നിലയിലായിരുന്നു അന്ന് വിഭാവനം ചെയ്തിരുന്നത്.

1958 കാലഘട്ടത്തിൽ വാഴൂർ ബ്ലോക്ക് രൂപീകരിക്കപ്പെട്ടു. ചാകോംപതാൽ കവലയിൽ കാക്കാന്തോട്ടിൽ ശ്രീ. കുര്യൻ അലക്സ് വക കെട്ടിയം വാടകയ്ക്കെടുത്ത് ഓഫീസ് പ്രവർത്തിച്ചുതുടങ്ങി. പി.റ്റി.ചാക്കോയുടെ സന്തത സഹചാരിയായ പീടികയ്ക്കൽ ജോസ് (പി.വി. ജോസ്) ബ്ലോക്ക് ആസ്ഥാനം കങ്ങഴയിലേയ്ക്ക് മാറ്റാനും പൂനാട്ട് അപ്പച്ചൻ (പി.റ്റി.തോമസ്) ചാകോംപതാലിൽ നിലനിർത്താനും പി.റ്റി.ചാക്കോയിൽ സമ്മർദ്ദം ചെലുത്തി. ചാക്കോയുടെ മനസ്സ് ചാകോംപതാലിൽ ആയിരുന്നു. കങ്ങഴക്കാർക്ക് ഇടയിരിക്കപ്പുഴ ആശുപത്രി നൽകി സമാധാനിപ്പിച്ചു.

പി.റ്റി.ചാക്കോയുടെ അഭ്യർത്ഥനമാനിച്ച് ശ്രീ. ജോൺ വെട്ടുവേലി, ജെയിംസ് വെട്ടുവേലി, മാത്യു വെട്ടുവേലിൽ എന്നീ മക്കൾ അവരുടെ പിതാവ് ശ്രീ. ഉലഹന്നാൻ ജോസഫ് വെട്ടുവേലിയുടെ അനുമതിയോടെ 2 ഏക്കർ സ്ഥലം ബ്ലോക്കോഫീസിനു സംഭാവനയായി നൽകി. ബ്ലോക്കോഫീസ് കെട്ടിടത്തിന്റെ കല്ലിടൽ കർമ്മം അന്നത്തെ കേരളാ ഗവർണ്ണറും പിന്നീട് രാഷ്ട്രപതിയുമായി തീർന്ന ശ്രീ. വി.വി. ഗിരിയാണ് നിർവ്വഹിച്ചത്. അന്ന് ശ്രീ. വി.കെ. വേലപ്പനായിരുന്നു വാഴൂർ എം.എൽ.എ. കെട്ടിടത്തിന്റെ പണി ഏറ്റെടുത്തു നടത്തിയത് ചേലക്കൊമ്പുകോശികുഞ്ഞാണ് ആശാരിപ്പണി നടത്തിയത്. വേശ്മണി കടയനിക്കാട്ടാണ്. മേസ്തിരിപ്പണി ഇടയിരിക്കപ്പുഴ കൊച്ചാണ് നടത്തിയത്. മൂന്നു ബ്ലോക്കോടുകൂടിയ ആഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടനം 26 - 04 - 1962 നു നടന്നതായി ബ്ലോക്ക് രേഖകളിൽ കാണുന്നു. ആദ്യത്തെ ബ്ലോക്കാഫീസർ ശ്രീ.എം.കെ. രവീന്ദ്രനാഥൻ ആയിരിന്നു.

ഗ്രാമവികസന വകുപ്പിന്റെ ഭാഗമായി പ്രവർത്തിച്ചിരുന്ന ബ്ലോക്കിൽ ബി.ഡി.സി എന്ന പേരിൽ നോമിനേറ്റുചെയ്യപ്പെട്ട ഉപദേശക സമിതി ഉണ്ടായിരുന്നുവെങ്കിലും ഭരണഘടനാപരമായ പിൻബലമുള്ള തെരഞ്ഞെടുക്കപ്പെട്ട സമിതി ഉണ്ടായത് 73,74 ഭരണഘടനാഭേദഗതിയിലൂടെ 1994 ലെ പഞ്ചായത്ത് രാജ് ആക്ടിലൂടെയും ആണ്. ഇതിന്റെ അടിസ്ഥാനത്തിൽ 1995 സെപ്റ്റംബർ മാസം 25-ാം തീയതി നടന്ന തെരഞ്ഞെടുപ്പിലൂടെ ആദ്യത്തെ ഭരണ സമിതി അധികാരമേറ്റു. ആദ്യ പ്രസിഡന്റായി ശ്രീമതി. കെ.സി. ശ്രീകുമാരി 1195 ഒക്ടോബർ 2 ൽ അധികാരമേറ്റെടുത്തു. കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ വാഴൂർ വില്ലേജിൽ ചാകോംപതാലിനു സമീപമുള്ള വെട്ടുവേലിപ്പടിയിലാണ് വാഴൂർ ബ്ലോക്ക് പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. വെട്ടുവേലിപ്പടി എന്ന സ്ഥലനാമം ബ്ലോക്കോഫീസ് സ്ഥാപിതമായതിനുശേഷം ബ്ലോക്ക് പടി എന്ന് പേരിലാണ് അറിയപ്പെടുന്നത്.

1962 ൽ സ്ഥാപിച്ച വാഴൂർ ബ്ലോക്കോഫീസ് മണിമല - കൊടുങ്ങൂർ റോഡിൽ മണിമല നിന്നും 5 കി.മി വടക്കും കൊടുങ്ങൂരിൽ നിന്നും 6 കി.മി തെക്കുമായി സ്ഥിതിചെയ്യുന്നു. തെക്ക് പത്തനംതിട്ട ജില്ലയും കിഴക്ക് കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തും വടക്ക് പാമ്പാടി ബ്ലോക്ക് പഞ്ചായത്തും പടിഞ്ഞാറ് മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തുമാണ്. വാഴൂർ ബ്ലോക്കിന്റെ അതിരുകൾ തെക്കുഭാഗത്തുകൂടെ കിഴക്കുപടിഞ്ഞാറായി മണിമലയാർ ഒഴുകുന്നു. വാഴൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഭൂ വിസ്തൃതി 150.34 ച.കി.മീറ്ററാണ്. മലകളും താഴ് വരകളും ഇട കലർന്ന ഭൂപ്രദേശമാണിത്. ജനസംഖ്യ 143822 ബ്ലോക്കിലെ സാക്ഷരത 97%ആണ്. ചങ്ങനാശ്ശേരി താലൂക്കിലെ കറുകച്ചാൽ, നെടുങ്കുന്നം, കങ്ങഴ, വെള്ളാവൂർ വില്ലേജുകളും കാഞ്ഞിരപ്പള്ളി താലൂക്കിലെ ചെറുവള്ളി, ചിറക്ക ടവ് വില്ലേജുകളും ഉൾപ്പെട്ടതാമ് വാഴൂർ ബ്ലോക്ക് പ്രദേശമാണിത്.

ഈ ബ്ലോക്ക് പഞ്ചായത്തിലെ കറുകച്ചാൽ, നെടുംങ്കുന്നം, കങ്ങഴ, വെള്ളാവൂർ, ചിറക്കടവ് പഞ്ചായ ത്തുകളിലായി 95 വാർഡുകൾ ഉണ്ട് 13 ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനും 3 ജില്ലാ പഞ്ചായത്ത് ഡിവിഷനുകളും ഉണ്ട്. കാഞ്ഞിരപ്പള്ളി അസംബ്ലി നിയേജക മണ്ഡലത്തിലും, പത്തനംതിട്ട പാർലമെന്റ് നിയോജക മണ്ഡലത്തിലും ഉൾപ്പെട്ട പ്രദേശമാണിത്.

ഈ പ്രദേശത്തിന്റെ സമ്പദ്ഘടന കാർഷിക പ്രധാനമാണ്. കുറുംപൂപ് കൃഷി, കപ്പ, ചേന, ചേമ്പ്, വാഴ, കാച്ചിൽ, പച്ചക്കറികൾ തുടങ്ങിയവ കൃഷിചെയ്യുന്നതിലൂടെ പ്രദശത്തിനാവശ്യമായ ഭൂരിഭാഗം ഭക്ഷ്യവസ്തുക്കളും ഇവിടെത്തന്നെ ഉല്പാദിപ്പിച്ചിരുന്നു. തെങ്ങ്, കമുക്, നാടൻ മാവ്, പ്ലാവ്, വാളൻപുളി, കൊടംപുളി, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, കച്ചോലം തുടങ്ങിയവ ഗാർഹിക ആവശ്യത്തിനും ഔഷധനാണ്യവിളകളായും കൃഷിചെയ്തിരു ന്നു.

തെങ്ങിനുണ്ടായ വ്യാപക കാറ്റുവീഴ്ചയും തേങ്ങയുടെ വിലയിടിവും കർഷകരെ റബ്ബർകൃഷിയിലേയ്ക്ക് ആകർഷിച്ചു. മുഖ്യ കൃഷി റബറായതോടെ മറ്റുകൃഷികൾ നാമമാത്രമായി നിലവിൽ റബ്ബർ വിലയിടിവും ഉല്പാദന ചിലവിലുള്ള വർദ്ധനവും ഈ പ്രദശത്തിന്റെ സമ്പദ്ഘടനയ്ക്ക് കനത്ത ആഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. പുത്തൻ തലമുറ വിദ്യാസമ്പന്നരുടേതാണ്. സ്വദേശത്തും വിദേശത്തും ഉന്നത തലങ്ങളിൽ ഇവർ ജോലി നേടിക്കഴി ഞ്ഞു.

## ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ അവിസ്മരണീയ വ്യക്തികൾ

**പി.റ്റി. ചാക്കോ** - 1957 ൽ ലോക്സഭയിൽ പ്രതിപക്ഷ നേതാവും പിന്നീട് കേരള ആഭ്യന്തര മന്ത്രിയുമായി തിള ങ്ങിയ പി.റ്റി.ചാക്കോയുടെ ജന്മനാടാണ്. ചാകോംപതാൽ. അദ്ദേഹമാണ് വാഴൂർ ബ്ലോക്ക് പഞ്ചായത്ത് ചാകോംപ താലിൽ സ്ഥാപിക്കുവാൻ കാരണഭൂതൻ.

**കെ. നാരായണക്കുറുപ്പ്** - 1954 തിരുക്കൊച്ചി നിയമ സഭയിലേയ്ക്ക് കന്നി വിജയം 7 തവണ (1963,65,70,77,91,96,2001) വാഴൂരിനെ പ്രതിനിധീകരിച്ച മുൻമന്ത്രിയും ഡപ്യൂട്ടി സ്പീക്കറുമായിരുന്ന കറുക ച്ചാൽ സ്വദേശി.

**കടയനിക്കാട് പുരുഷോത്തമൻ പിള്ള (മുൻ എം. എൽ. എ)** - 1967

**കടയനിക്കാട് പുരുഷോത്തമൻ പിള്ള (മുൻ എം. എൽ. എ)** - പൊൻകുന്നം (1980 - 82)

**കാനം രാജേന്ദ്രൻ (മുൻ എം. എൽ. എ)** - (1982 - 1987) നിലവിൽ സി.പി.ഐ.യുടെ സംസ്ഥാന സാരഥി, വാഴൂർ കാനം സ്വദേശി.

**അഡ്വ പി.സി. തോമസ്** - പി.റ്റി. ചാക്കോയുടെ സീമന്ത പുത്രനും വാജേപേയി മന്ത്രിസഭയിലെ സഹമന്ത്രിയും ചകോംപദാൽ സ്വദേശിയാണ്.

**അഡ്വ. അൽഫോൺസ് കണ്ണാന്താനം** - കോട്ടയം ജില്ലാ കളക്ടർ, ലോകത്തിലെ 100 പ്രഗത്ഭ ഭരണാധികാരികളി ലോരാളായി അംഗീകരിക്കപ്പെട്ട ഐ.എ.സ് കാരൻ. കാഞ്ഞിരപ്പള്ളിയുടെ മുൻ എം.എൽ.എ നിലവിൽ കേന്ദ്ര ഐ.റ്റി & ടൂറിസം സഹമന്ത്രി മണിമലയുടെ പ്രിയപുത്രൻ കൃത്യമായി പറഞ്ഞാൽ വെള്ളാവൂരാണ് അദ്ദേഹത്തിന്റെ ഊര്.

**ഡോ. എൻ. ജയരാജ്** - ശ്രീ.കെ.നാരായണ കുറുപ്പിന്റെ സീമന്ത പുത്രൻ കാഞ്ഞിരപ്പള്ളിയുടെ എം.എൽ.എ (2005, 2010, 2015, 2020)

**കാർഡിനൽ മാർ ആന്റണി പടിയറ** - കേരളാ കത്തോലിക്ക സഭയുടെ അമരക്കാരൻ ബഹുഭാഷാ പണ്ഡിതൻ, ഗ്രന്ഥ കർത്താവ്, വെള്ളാവൂരിൽ പിറന്ന മണിമല യുടെ അഭിവന്ദ്യ പുത്രൻ.

**എം. കെ. ജോസഫ് ഐ. പി. എസ്** - കേരളത്തിലെ ആദ്യ ഡിജിപി മണിമല സ്വദേശിയാണ്.

**ജോസഫ് പനച്ചിപ്പുറം** - പനച്ചി എന്ന തൂലികാ നാമത്തിൽ അറിയപ്പെടുന്ന മലയാള മനോരമ വാർത്താവിഭാഗം മുഖ്യ പത്രാധിപർ ജോസ് പനച്ചിപ്പുറത്തിന്റെ ജന്മനാടും വാഴൂരിലെ ചാകോംപതാൽ.

**എം.ജെ. ഫിലിപ്പ്**- മലയാളികളെ വായനാശീലം പഠിപ്പിച്ച കാനം ഈ.ജെ എന്ന തൂലികാനാമധാരിയായ സാഹിത്യ കാരൻ.

**സോമനാഥൻ** - പ്രശസ്ത കാർട്ടൂണിസ്റ്റ് നാഥൻ ന്നറിയപ്പെടുന്ന സോമനാഥൻ

**അഖിൽ കൃഷ്ണൻ**- 2007 - ൽ ദേശീയ ജൂനിയർ അത്‌ലറ്റ് മീറ്റർ ഹർഡിൽസിൽ റിക്കാർഡ് സൃഷ്ടിച്ച കണ്ണ നാനി അഖിൽ കൃഷ്ണൻ.

**സുരവി തോമസ്, റിഷി തോമസ്** - അന്റാർട്ടിക്കയിലേയ്ക്ക് സാഹസിക യാത്ര നടത്തുകയും, സാഹസികാനുഭവ ങ്ങൾ - **അഡ്വഞ്ചേഴ്സ് ഇൻ അന്റാർട്ടിക്ക** എന്ന യാത്രാവിവരണം പ്രസിദ്ധപ്പെടുത്തുകയും ചെയ്ത സുരവി തോമസ്, റിഷി തോമസ് എന്നിവരും കാനത്തിന്റെ അഭിമനങ്ങളാണ്.

**പൊൻകുന്നം ദാമോദരൻ** - പച്ചപ്പനം തത്തേ................ എന്ന ഗാനത്തിലൂടെ പ്രശസ്തനായ വിപ്ലവകാരി.

**മോഹൻ ഡി കങ്ങഴ** - കുറ്റാന്വേഷണ നോവൽ ശാഖയെ വായനക്കാരുടെ ഹരമാക്കി മാറ്റിയ മോഹൻ ഡി കങ്ങഴ.

**ഡോ. കാനം ശങ്കരപിള്ള** - വൈദ്യശാസ്ത്ര രംഗത്തും സാഹിത്യ രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ച പ്രതിഭ.

**കെ. പി. എ. സി. രവി** - ദീർഘകാലമായി സ്വാതിതിരുന്നാൾ സംഗീത വിദ്യാലയം നടത്തിവരുന്ന സംഗീത ജ്ഞനും നാടക നടനുമാണ്.

**എം.എൻ. തങ്കപ്പൻ കറുകച്ചാൽ** - നാടൻപാട്ട്, കഥാപ്രസംഗം, നാടകരചന

**ബിനു കണ്ണന്താനം** - 77 മണിക്കൂർ തുടർച്ചയായി പ്രസംഗിച്ച് ഗിന്നസ് ബുക്കിൽ ഇടം നേടിയ ബിനു കണ്ണന്താനം മണിമല, പ്രസംഗത്തിന് ഇന്ത്യയിൽ ഗിന്നസ് അംഗീകാരം ലഭിക്കുന്ന 4-ാം മത്തെ വ്യക്തി.

**കൊച്ചു സാർ** - കഥാ പ്രസംഗ രംഗത്തെ അതികായൻ എ.എൻ.ആർ.പിള്ള എന്നറിയപ്പെട്ടിരുന്ന കൊച്ചു സാർ

**അജിത് ചെറുവള്ളി** - തുടർച്ചയായി 87,88 വർഷങ്ങളിൽ കലാപ്രതിഭ പട്ടം നേടിയ അനുഗ്രഹീത കലാകാരൻ അജിത് ചെറുവള്ളി.

**സി.എൻ. വേണുഗോപാൽ** - അനുഗ്രഹീത സംഗീതജ്ഞൻ | **കടയനിക്കാട് സഹജമണി** - തകിൽ വിദഗ്ധൻ

**ബേബി മാരാൽ ചെറുള്ളി** - താള വിദ്യാ വിദഗ്ധൻ | **കടയനിക്കാട് ഉണ്ണികൃഷ്ണൻ** - നാടക നടൻ

**പുരുഷോത്തമൻ കർത്ത** - ഓട്ടം തുള്ളൽ കലാകാരൻ | **പി. മധു പൊൻകുന്നം** - ജനകീയ കവി

**പൊൻകുന്നം വർക്കി** - പ്രശസ്ത നോവലിസ്റ്റ്, കഥാകൃത്ത്, നാടകകൃത്ത്

**കെ.ഒ.സി. കരിങ്ങനാടൻ, പൊൻകുന്നം സെയ്ദ്** - നാടകരചയിതാക്കൾ

**പി.വി. ഫിലിപ്പോസ് (കാഞ്ഞിരപ്പാറ** - ഫ്ളൈയിംഗ് ഓഫീസർ (നെഹ്റു ജനറൽ കരിപ്പയ എന്നിവരുടെ പൈലറ്റ്, 1951 ഒക്ടോബർ 6 ന് ടർക്കിയിൽ വച്ചുണ്ടായ വിമാനപകടത്തിൽ അകാലചരമമടഞ്ഞു)

**കെ.ജി. ജോർജ്, കോഴികുന്നത്ത് ശാന്തിപുരം** - ഇന്ത്യ - പാക്കിസ്ഥാൻ യുദ്ധത്തിൽ ധീരമായ സേവനം കാഴ്ചവെ ച്ചതിന് 1965 - ൽ രാജ്യം വീരചക്രബഹുമതി നൽകി ആദരിച്ചു.

**കെ.പി. ഭാസ്കരൻ നായർ** - 2-ാം ലോക മഹായുദ്ധത്തിൽ നേരിട്ട് പങ്കെടുത്ത പടയാളി, ജപ്പാന്റെ യുദ്ധ തടവു കാരനായി പിടിക്കപ്പെട്ടു. മോചന ശേഷവും സ്തുത്യഹമായി സൈനിക സേവനം തുടർന്ന ഈ രാജ്യസ്നേഹി കറുകച്ചാൽ പഞ്ചായത്തിലെ ചമ്പക്കരയിൽ - കുന്നപ്പള്ളി മേടയ്ക്കൽ കുടുംബാഗമാണ്.

**ചാക്കോച്ചൻ കൊച്ചുമുറി** - വിമൽ എന്ന പേരിൽ അറിയപ്പെടുന്ന നാടക കൃത്ത്, സംവിധായകൻ

**പ്രകാശ് മണി** - നാടകക കൃത്ത്, സംവിധായകൻ, മാദ്ധ്യമ പ്രവർത്തകൻ, അദ്ധ്യാപകൻ

**കോട്ടയം നസീർ** - സിനിമാതാരം, മിമിക്രി കലാകാരൻ, സംവിധായകൻ, ചിത്രകാരൻ കറുകച്ചാൽ സ്വദേശി

ഇങ്ങനെ എത്ര എത്രയോ പ്രതിഭകൾക്ക് ജന്മം നൽകിയ വാഴ് വിൻനെ ഊര് അഥാവാ ഐശ്വര്യത്തിന്റെ നാട് വാഴൂർ.

### വാഴൂർ ബ്ലോക്ക് പഞ്ചായത്തിലെ മുൻ സാരഥികൾ

1 ശ്രീമതി കെ. സി ശ്രീകുമാർ
2 അഡ്വ. ഗിരീഷ് എസ് നായർ
3 ശ്രീമതി ജാൻസി അപ്പുക്കുട്ടൻ
4 ശ്രീ. മോഹൻ ചേന്നംകുളം
5. ശ്രീ. റ്റി. എൻ രാജഗോപാൽ
6 ശ്രീ. പൊൻകുന്നം യെയ്ത്
7 ശ്രീമതി. എൽസമ്മ സജി
8 ശ്രീമതി ഷൈലജാ കുമാരി
9 ശ്രീമതി മീനു രാജു
10 ശ്രീ. കെ.പി. ബാലഗോപാലൻ നായർ

# വാഴൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ

| നമ്പർ | പേര് | ഔദ്യോഗിക നാമം | ഫോൺ നമ്പർ |
|---|---|---|---|
| 1. | അഡ്വ.ജയാ ശ്രീധർ | പ്രസിഡന്റ് | |
| 2. | ശ്രീ.അലക്സ് റ്റോം | വൈസ് പ്രസിഡന്റ് | |
| 3. | ശ്രീമതി മിനി സേതുനാഥ് | വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | |
| 4. | ശ്രീ. ജേക്കബ് മാത്യു | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | |
| 5. | ശ്രീമതി റ്റി.കെ.ഉഷാകുമാരി | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | |
| 6. | ശ്രീ.ശ്രീജിത്ത് മോഹനൻ | മെമ്പർ | 9446862210 |
| 7. | ശ്രീ.മുഹമ്മദ് ഫൈസൽ കെ.വൈ | മെമ്പർ | 9495394729 |
| 8. | ശ്രീ.വി.പി.റെജി | മെമ്പർ | 9946908862 |
| 9. | ശ്രീമതി ജയശ്രീ വിജയകുമാർ | മെമ്പർ | 9747251922 |
| 10. | ശ്രീമതി ജയാ ബാലചന്ദ്രൻ | മെമ്പർ | 7907686437 |
| 11. | ശ്രീമതി സുനി ജിജി | മെമ്പർ | 9400859198 |
| 12. | ശ്രീ. അനിയൻ ആറ്റുകുഴി | മെമ്പർ | 9744208609 |
| 13. | ശ്രീ.ജോസഫ് ദേവസ്യ | മെമ്പർ | 9495444355 |
| 14. | ശ്രീമതി ജയാമോൾ റ്റോമി | മെമ്പർ | |
| 15. | ശ്രീമതി ബീമ എം | മെമ്പർ | |

| | പേര് | ഔദ്യോഗിക നാമം | ഫോൺ നമ്പർ |
|---|---|---|---|
| **ആസൂത്രണ സമിതി അംഗങ്ങൾ** | | | |
| 1. | അഡ്വ.ജയാ ശ്രീധർ | ചെയർമാൻ | |
| 2. | ശ്രീ. കെ.പി. ബാലഗോപാലൻനായർ | വൈസ് ചെയർമാൻ | |
| 3. | ശ്രീമതി ബീമ എം | കൺവീനർ | |
| 4. | ശ്രീ.അലക്സ് ടോം | അംഗം | |
| 5. | ശ്രീമതി മിനി സേതുനാഥ് | അംഗം | |
| 6. | ശ്രീ. ജേക്കബ്ബ് മാത്യു | അംഗം | |
| 7. | ശ്രീമതി ഉഷാകുമാരി റ്റി.കെ | അംഗം | |
| 8. | ശ്രീ. പി.എൻ.സുജിത്ത് | അംഗം | |
| 9. | ശ്രീ. സി.കെ.രാമചന്ദ്രൻ നായർ | അംഗം | |
| 10. | ശ്രീ. ബി.സുനിൽ | അംഗം | |

# വാഴൂർ ബ്ലോക്ക് പഞ്ചായത്ത്

| ലോകസഭാംഗം | | |
|---|---|---|
| 1. | ശ്രീ. ആന്റോ ആന്റണി എം.പി.<br>(പത്തനംതിട്ട) | 9447010000<br>04828 - 224600 |

| നിയമസഭാംഗം | | |
|---|---|---|
| 1. | ശ്രീ. എൻ. ജയരാജ് എം.എൽ.എ.<br>(കാഞ്ഞിരപ്പള്ളി) | 9447464451<br>9495705414 (O) |

| ജില്ലാ പഞ്ചായത്തംഗങ്ങൾ | | |
|---|---|---|
| 1. | ശ്രീ. അജിത്ത് മുതിരമല | (പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ, കങ്ങഴ ഡിവിഷൻ) |
| 2. | ശ്രീ.തോമസ് കുന്നപ്പള്ളി | കാഞ്ഞിരപ്പള്ളി ഡിവിഷൻ |
| 3. | അഡ്വ.അഭിലാഷ് ചന്ദ്രൻ | പൊൻകുന്നം ഡിവിഷൻ |

| ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ | | | |
|---|---|---|---|
| 1. | ചിറക്കടവ് | ശ്രീ.റ്റി.എൻ.ഗിരീഷ് | |
| 2. | കറുകച്ചാൽ | ശ്രീ.മാത്യു ജോൺ | |
| 3. | വെള്ളാവൂർ | ശ്രീമതി ജലജ മോഹൻ | |
| 4. | വാഴൂർ | പ്രൊഫ.എസ്.പുഷ്ക്കലാദേവി | |
| 5. | നെടുംകുന്നം | ശ്രീമതി.രാജമ്മ രവീന്ദ്രൻ | |
| 6. | കങ്ങഴ | ശ്രീ. മുഹമ്മദ് അൽസാഫ് എം.എ | |

വാഴൂർ ബ്ലോക്ക് പഞ്ചായത്തിന് സൗജന്യമായി
2 ഏക്കരം സ്ഥലം വിട്ടു തന്ന യശ്ശശരീരനായ
ഉലഹന്നാൻ ജോസഫ്
വെട്ടുവേലിൽ

## ബ്ലോക്ക് ഡിവിഷൻ ഉൾപ്പെടുന്ന പഞ്ചായത്ത്
## വാർഡുകളുടെ പേരും നമ്പറും

| നിയോജക മണ്ഡലത്തിന്റെ നമ്പരും പേരും | | നിർദ്ദിഷ്ട നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് നിയോജക മണ്ഡലങ്ങളുടെ വിവരം | | | ബ്ലോക്ക് പഞ്ചായത്തിലെ നിർദ്ദിഷ്ട നിയോജക മണ്ഡലത്തിലെ തിട്ടപ്പെടുത്തിയ ജനസംഖ്യ |
|---|---|---|---|---|---|
| | | ഗ്രാമപഞ്ചായത്തിന്റെ പേര് | നിയോജക മണ്ഡലത്തിന്റെ നമ്പരും പേര് | ജനസംഖ്യ | |
| 1 | | 2 | 3 | 4 | 5 |
| 1. | കറുകച്ചാൽ | കറുകച്ചാൽ | 1- ചമ്പക്കര | 1531 | |
| | | കറുകച്ചാൽ | 2- കുറുപ്പൻകവല | 1499 | |
| | | കറുകച്ചാൽ | 3- മാന്തുരുത്തി | 1480 | |
| | | കറുകച്ചാൽ | 4- നെത്തല്ലൂർ | 1367 | 11387 |
| | | കറുകച്ചാൽ | 5- കറുകച്ചാൽ | 1455 | |
| | | കറുകച്ചാൽ | 15- കാരിക്കാനിരവ് | 1326 | |
| | | കറുകച്ചാൽ | 16- അഞ്ചാനി | 1381 | |
| | | കറുകച്ചാൽ | 17- ഉമ്പിടി | 1348 | |
| 2. | നെടുംകുന്നം | നെടുംകുന്നം | 1- മാന്തുരുത്തി | 1390 | |
| | | നെടുംകുന്നം | 3 - വള്ളിമല | 1420 | |
| | | നെടുംകുന്നം | 4- കാവുംനട | 1321 | |
| | | നെടുംകുന്നം | 5- മൈലാടി | 1355 | 10883 |
| | | നെടുംകുന്നം | 6- നിലംപൊടിഞ്ഞ | 1260 | |
| | | നെടുംകുന്നം | 7- ദേവിഗിരി | 1383 | |
| | | നെടുംകുന്നം | 15- നെത്തല്ലൂർ | 1386 | |
| | | നെടുംകുന്നം | 16- തൊട്ടിയ്ക്കല് | 1368 | |
| 3. | കാനം | കങ്ങഴ | 9- പ്ലാക്കൽ പടി | 1135 | |
| | | കങ്ങഴ | 8- ഇടയിരിക്കപ്പുഴ | 1186 | |
| | | കങ്ങഴ | 6- പഴുക്കാകുളം | 1159 | |
| | | കങ്ങഴ | 5- അഞ്ചാനി | 1156 | |
| | | കങ്ങഴ | 4- പാതിപ്പലം | 1310 | 9740 |
| | | കങ്ങഴ | 3- കാനം | 1361 | |
| | | കങ്ങഴ | 2 - കാഞ്ഞിരപ്പാറ | 1283 | |
| | | കങ്ങഴ | 1 - ചീരമറ്റം | 1150 | |
| 4. | പുളിക്കൽകവല | വാഴൂർ | 1- പുളിക്കൽകവല | 1281 | |
| | | വാഴൂർ | 2- നെടുമാവ് | 1427 | |
| | | വാഴൂർ | 3- പാണപുഴ | 1381 | |
| | | വാഴൂർ | 14- കാനം | 1464 | 11303 |
| | | വാഴൂർ | 15- കന്ദ്രാച്ചി | 1538 | |
| | | വാഴൂർ | 16- കാപ്പുകാട് | 1484 | |
| | | വാഴൂർ | 17- ചെല്ലിമറ്റം | 1378 | |
| | | വാഴൂർ | 18- എരുമത്തല | 1350 | |

# ബ്ലോക്ക് ഡിവിഷൻ ഉൾപ്പെടുന്ന പഞ്ചായത്ത് വാർഡുകളുടെ പേരും നമ്പറും

| നിയോജക മണ്ഡലത്തിന്റെ നമ്പരും പേരും | | നിർദ്ദിഷ്ട നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് നിയോജക മണ്ഡലങ്ങളുടെ വിവരം | | | ബ്ലോക്ക് പഞ്ചായത്തിലെ നിർദ്ദിഷ്ട നിയോജക മണ്ഡലത്തിലെ തിട്ടപ്പെടുത്തിയ ജനസംഖ്യ |
|---|---|---|---|---|---|
| | | ഗ്രാമപഞ്ചായത്തിന്റെ പേര് | നിയോജക മണ്ഡലത്തിന്റെ നമ്പരും പേര് | ജനസംഖ്യ | |
| 1 | | 2 | 3 | 4 | 5 |
| 5. | കൊടുങ്ങൂർ | വാഴൂർ | 4 - വൈരമല | 1327 | |
| | | വാഴൂർ | 5 - ചെങ്കൽ | 1329 | |
| | | വാഴൂർ | 6 - തെക്കാനിക്കാട് | 1352 | |
| | | വാഴൂർ | 7 - ശാസ്താംകാവ് | 1315 | 11172 |
| | | വാഴൂർ | 8 - അരീക്കൽ | 1512 | |
| | | വാഴൂർ | 9 - കൊടുങ്ങൂർ | 1404 | |
| | | വാഴൂർ | 10 - റ്റി.പി.പുരം | 1412 | |
| | | വാഴൂർ | 13 - ചാമംപതാൽ | 1521 | |
| 6. | തെക്കേത്തുകവല | ചിറക്കടവ് | 15 - കൊട്ടാടിക്കുന്ന് | 1665 | |
| | | ചിറക്കടവ് | 16 - ചെന്നാക്കുന്ന് | 1612 | |
| | | ചിറക്കടവ് | 17 - തെക്കേത്തുകവല | 1518 | 9483 |
| | | ചിറക്കടവ് | 19 - മന്ദിരം | 1565 | |
| | | ചിറക്കടവ് | 21 - തോണിപ്പാറ | 1493 | |
| | | ചിറക്കടവ് | 22 - ഇരുപതാംമൈൽ | 1630 | |
| 7. | പൊൻകുന്നം | ചിറക്കടവ് | 1 - അട്ടിക്കൽ | 1633 | |
| | | ചിറക്കടവ് | 2 - കോയിപ്പള്ളി | 1646 | |
| | | ചിറക്കടവ് | 3 - പത്താശ്ശേരി | 1643 | |
| | | ചിറക്കടവ് | 4 - ചിത്രാജ്ഞലി | 1721 | 9979 |
| | | ചിറക്കടവ് | 20 - കാവാലിമാക്കൽ | 1540 | |
| | | ചിറക്കടവ് | 18 - ചിറക്കടവ് സെന്റർ | 1796 | |
| 8. | ചിറക്കടവ് | ചിറക്കടവ് | 5 - മൂലക്കുന്ന് | 1780 | |
| | | ചിറക്കടവ് | 6 - കുന്നുംഭാഗം | 1777 | |
| | | ചിറക്കടവ് | 7 - മണ്ണാറക്കയം | 1618 | 10125 |
| | | ചിറക്കടവ് | 8 - ഗ്രാമദീപം | 1515 | |
| | | ചിറക്കടവ് | 9 - മണ്ണംപ്ലാവ് | 1683 | |
| | | ചിറക്കടവ് | 10 - ഇടഭാഗം | 1752 | |
| 9 | ചെറുവള്ളി | ചിറക്കടവ് | 11 - വാളക്കയം | 1490 | |
| | | ചിറക്കടവ് | 12 - ചെറുവള്ളി | 1580S | |
| | | ചിറക്കടവ് | 13 - കറുത്തമഞ്ഞാടി | 1755 | 9271 |
| | | ചിറക്കടവ് | 14 - മൂലേപ്ലാവ് | 1752 | |
| | | വാഴൂർ | 11 - ഇളങ്ങോയി | 1350 | |
| | | വാഴൂർ | 12 - ഉള്ളായം | 1344 | |
| 10 | മണിമല | വെള്ളാവൂർ | 3 - കടയനിക്കാട് | 1147 | |
| | | വെള്ളാവൂർ | 4 - പാറയ്ക്കാട | 1156 | |
| | | വെള്ളാവൂർ | 5 - കുളത്തിങ്കൽ | 1326 | |
| | | വെള്ളാവൂർ | 6 - മണിമല ടൗൺ | 1270 | 8431 |

## ബ്ലോക്ക് ഡിവിഷൻ ഉൾപ്പെടുന്ന പഞ്ചായത്ത് വാർഡുകളുടെ പേരും നമ്പറും

| നിയോജക മണ്ഡലത്തിന്റെ നമ്പരും പേരും | | നിർദ്ദിഷ്ട നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് നിയോജക മണ്ഡലങ്ങളുടെ വിവരം | | | ബ്ലോക്ക് പഞ്ചായത്തിലെ നിർദ്ദിഷ്ട നിയോജക മണ്ഡലത്തിലെ തിട്ടപ്പെടുത്തിയ ജനസംഖ്യ |
|---|---|---|---|---|---|
| | | ഗ്രാമപഞ്ചായത്തിന്റെ പേര് | നിയോജക മണ്ഡലത്തിന്റെ നമ്പരും പേര് | ജനസംഖ്യ | |
| | 1 | 2 | 3 | 4 | 5 |
| | | വെള്ളാവൂർ | 7 - കുന്നുംഭാഗം | 1212 | |
| | | വെള്ളാവൂർ | 8 - എട്ടാംമൈൽ | 1103 | |
| | | വെള്ളാവൂർ | 9 - തോണിപ്പാറ | 1217 | |
| 11 | വെള്ളാവൂർ | വെള്ളാവൂർ | 1 - കാടംകുളം | 1195 | |
| | | വെള്ളാവൂർ | 2 - പൊട്ടുകുളം | 1262 | |
| | | വെള്ളാവൂർ | 10 - അംബേദ്കർ | 1203 | |
| | | വെള്ളാവൂർ | 11 - ഏറത്തുവടകര | 1195 | 8683 |
| | | വെള്ളാവൂർ | 12 - വെള്ളാവൂർ | 1268 | |
| | | വെള്ളാവൂർ | 13 - താഴത്തുവടകര | 1290 | |
| | | വെള്ളാവൂർ | 14 - കുളത്തൂർമൂഴി | 1270 | |
| 12 | പത്തനാട് | കങ്ങഴ | 11 - മുണ്ടത്താനം | 1358 | |
| | | കങ്ങഴ | 12 - മുള്ളംകുഴി | 1274 | |
| | | കങ്ങഴ | 13 - തണ്ണീപ്പാറ | 1349 | |
| | | കങ്ങഴ | 14 - കോവൂർ | 1316 | 10376 |
| | | കങ്ങഴ | 10 - ഇടയപ്പാറ | 1156 | |
| | | കങ്ങഴ | 7 - കാരമല | 1379 | |
| | | കങ്ങഴ | 15 - പടനിലം | 1358 | |
| | | കങ്ങഴ | 16 - പത്തനാട് | 1186 | |
| 13 | ചേലക്കൊമ്പ് | നെടുംകുന്നം | 2 - പാറയ്ക്കൽ | 1272 | |
| | | നെടുംകുന്നം | 8 - നെടുമണ്ണി | 1368 | |
| | | നെടുംകുന്നം | 9 - മുളയംവേലി | 1368 | |
| | | നെടുംകുന്നം | 10 - അരണപ്പാറ | 1396 | |
| | | നെടുംകുന്നം | 11 - കുമ്പിക്കാപ്പുഴ | 1380 | 10816 |
| | | നെടുംകുന്നം | 12 - ചാത്തൻപാറ | 1430 | |
| | | നെടുംകുന്നം | 13 - ചേലക്കൊമ്പ് | 1284 | |
| | | നെടുംകുന്നം | 14 - മുതിരമല | 1318 | |
| 14 | കൂത്രപ്പള്ളി | കറുകച്ചാൽ | 7 - പനയമ്പാല | 1406 | |
| | | കറുകച്ചാൽ | 8 - മാമുണ്ട | 1340 | |
| | | കറുകച്ചാൽ | 9 - നെടുങ്ങാടപ്പള്ളി | 1411 | |
| | | കറുകച്ചാൽ | 10 - ശാന്തിപുരം | 1373 | |
| | | കറുകച്ചാൽ | 11 - കൊച്ചിക്കാല | 1422 | 12262 |
| | | കറുകച്ചാൽ | 12 - മഠത്തിനാൽചിറ | 1359 | |
| | | കറുകച്ചാൽ | 13 - കൂത്രപ്പള്ളി | 1370 | |
| | | കറുകച്ചാൽ | 14 - ചിറയ്ക്കൽ | 1318 | |
| | | കറുകച്ചാൽ | 6 - പച്ചിലമാക്കൽ | 1263 | |

| ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാർ | | |
|---|---|---|
| 1. സെക്രട്ടറി & ബ്ലോക്ക് ഡവലപ്‌മെന്റ് ആഫീസർ | ശ്രീമതി ബീന എം | 9961163816 |
| 2. ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ആഫീസർ (ആർ.എച്ച്) | | |
| 3. ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ആഫീസ് (ഇ.ജി.എസ്.) | ശ്രീമതി ഗീത പി. എൻ | 9747251921 |
| 4. എക്സ്റ്റൻഷൻ ആഫീസർ (പി& എം) | ശ്രീമതി സിൽജ സാമുവേൽ | 6238730845 |
| 5. എക്സ്റ്റൻഷൻ ആഫീസർ (വനിത ക്ഷേമം & അസി. പ്ലാൻ കോർഡിനേറ്റർ) | ശ്രീ. റെജിലാൽ എം.ആർ | 9446562815 |
| 6. ജനറൽ എക്സ്റ്റൻഷൻ ആഫീസർ | ശ്രീ. സിയാദ് വി. എ | 9447154673 |
| 7. ഹെഡ് ക്ലാർക്ക് | ശ്രീ. ശ്യാംകുമാർ വി.കെ | 9656567424 |
| 8. ഹെഡ് അക്കൗണ്ടന്റ് | ശ്രീമതി ജ്യോതി ഇ.വി. | 9745780995 |
| 9. സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | | |
| 10. സീനിയർ ക്ലാർക്ക് | ശ്രീമതി ഷൈനി ബാബു സി.വി | 9895151775 |
| 11. സീനിയർ ക്ലാർക്ക് | ശ്രീമതി സുനിത വി കെ | 9744118843 |
| 12. സീനിർ ക്ലാർക്ക് (പുനർവിന്യാസം) | ശ്രീ. പ്രമോദ് പി.കെ. | 9946799134 |
| 13. ക്ലാർക്ക് | ശ്രീമതി ഗീത റ്റി.പി | 9961603451 |
| 14. വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ, ഗ്രേഡ് 1 | ശ്രീ. മനോജ് റ്റി. എസ് | 9496161233 |
| 15. വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ, ഗ്രേഡ് 1 | ശ്രീ. അരുൺ പി. സുരേന്ദ്രൻ | 9744016470 |
| 16. വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ, ഗ്രേഡ് 1 | ശ്രീമതി. ആൻസി ജോസഫ് | 9447679787 |
| 17. വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ, ഗ്രേഡ് 1 | ശ്രീ. സജിത്ത് കെ. ഇബ്രാഹിം | 9961494510 |
| 18. വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ, ഗ്രേഡ് 1 | ശ്രീ. ഡിജിൻ ജോസ് | 8907173877 |
| 19. വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ, ഗ്രേഡ് 2 | ശ്രീ. അഭിലാഷ് ബി. നായർ | 9567509328 |
| 20. വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ, ഗ്രേഡ് 2 | ശ്രീമതി. അനിത മരിയ ജോസ് | 9744786967 |
| 21. വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ, ഗ്രേഡ് 2 | കുമാരി ബിഭത എസ്. പി | 9048106226 |
| 22. വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ, ഗ്രേഡ് 2 | ശ്രീമതി. നീനു ഷാജി | 9400770578 |
| 23. വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ, ഗ്രേഡ് 2 | ശ്രീ. അർഷാദ് ഷംസുദ്ദീൻ | 7907337787 |
| 24 വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ, ഗ്രേഡ് 2 | ശ്രീ. ബ്രിങ്കിൾ പി.വൈ | 9567259402 |
| 25 വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ, ഗ്രേഡ് 2 | ശ്രീ. ജോർജ്ജ് സാവിയോ | 9061435283 |
| 26 ഡ്രൈവർ | ശ്രീ. യൂനീസ് എം. ഐ. | 9961022977 |
| 27. ഓഫീസ് അറ്റൻഡന്റ്, ഗ്രേഡ് 2 | ശ്രീമതി. ജെയ്സമ്മ ജോർജ്ജ് | 9526639815 |
| 28. ഓഫീസ് അറ്റൻഡന്റ്, ഗ്രേഡ് 2 | ശ്രീമതി. ജയന്തിമോൾ ജെ | 9562699267 |
| 29. പി.റ്റി.എസ്. | ശ്രീമതി സുശീല പി.ഡി. | 8606762169 |
| | | |
| | | |

## ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ

## സ്ഥാപനങ്ങളുടെ മേധാവികൾ

| പദവി | പേര് | ഫോൺ |
|---|---|---|
| 1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ ആഫീസ് വാഴൂർ) | ശ്രീ. മനുമോഹൻ | 8943895815 |
| 2. അസിസ്റ്റന്റ് ഡയറക്ടർ, കൃഷി, വാഴൂർ | ശ്രീമതി സിമി ഇബ്രാഹിം | 9447288963 |
| 3. അസി. എൻജിനീയർ | ശ്രീമതി രശ്മി രാമചന്ദ്രൻ | 7025248615 |
| 4. ക്ഷീരവികസന ആഫീസർ, വാഴൂർ | ശ്രീമതി. ശ്രീലേഖ എൻ.എസ് | 9847432817 |
| 5. ശിശുവികസന പദ്ധതി പ്രോജക്ട് ആഫീസർ | ശ്രീമതി. ബിന്ദു എം.ആർ | 7907209161 |
| 6. പട്ടികജാതി ആഫീസർ, വാഴൂർ | ശ്രീമതി. അഞ്ജു. എസ് | 9497819933 |
| 7. വ്യവസായ വികസന ആഫീസർ | ശ്രീ. ജിയോ സെബാസ്റ്റ്യൻ | 8848890329 |
| 8. സൂപ്രണ്ട് കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി | ഡോ. സാവൻ സാറ | 9008026081 |
| 9. മെഡിക്കൽ ആഫീസർ സാമൂഹിക ആരോഗ്യ കേന്ദ്രം ഇടയിരിക്കപ്പുഴ | ഡോ. ഡാലി സഖറിയാസ് | 9496115132 |
| 10. മെഡിക്കൽ ആഫീസർ സാമൂഹികാരോഗ്യകേന്ദ്രം, കറുകച്ചാൽ | ഡോ.ബെറ്റ്സി ജേക്കബ്ബ് | 9447958789 |

| 1 | എം.ജി.എൻ.ആർ.ഇ.ജി.എസ്. സെൽ |
|---|---|
| 1. ദിവ്യ ജോർജ്ജ് | അക്രഡിറ്റഡ് എൻജിനീയർ |
| 2. മേഴ്സിക്കുട്ടി സാമുവേൽ | (അക്കൗണ്ടന്റ് കം. ഡേറ്റാ എൻട്രി ഓപ്പറേറ്റർ) |
| 3. അമ്പിളിക്കുട്ടൻ എം.എസ് | (പ്രോജക്ട് അസിസ്റ്റന്റ്) |

| എൽ.എസ്.ജി.ഡി. സബ്ഡിവിഷൻ വിഭാഗം ജീവനക്കാർ | | | |
|---|---|---|---|
| | സ്തിക | പേര് | ഫോൺ നമ്പർ |
| 1 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. മനു മോഹൻ എസ് | 8943895815 |
| 2 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി രശ്മി രാമചന്ദ്രൻ | 7025248615 |
| 3 | ഓവർസിയർ, ഗ്രേഡ് 1 | ശ്രീമതി മറിയാമ്മ സി.വി | 8156938305 |
| 3 | ഓവർസിയർ, ഗ്രേഡ് 2 | ശ്രീ. രഞ്ജിത്ത് പി.ആർ | 9495524941 |
| 4 | സീനിയർ ക്ലാർക്ക് | ശ്രീമതി. ഷെറീന ഷംസ് | 8086446261 |
| 5 | യു.ഡി.ടൈപ്പിസ്റ്റ് | ശ്രീമതി. ശ്രീജ മോൾ എ.എസ് | 9495868844 |
| 6 | ഓഫീസ്അസിസ്റ്റന്റ് | ശ്രീ. സാജൻ തോമസ് | 9446861282 |
| 7 | | പാർട്ട് ടൈം സ്വീപ്പർ | |

## വാഴൂർ ബ്ലോക്ക് പഞ്ചായത്ത്

# പൗരാവകാശ രേഖ 2024

**ഉത്തരവാദിത്വവും ചുമതലകളും**

കേരള പഞ്ചായത്ത് രാജ് ആക്ടിലെ 172-ാം വകുപ്പനുസരിച്ച് ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടെ പരിപാലനത്തിനും, ബ്ലോക്ക് പ്രദേശത്തുള്ള ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കുംവേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും, ആക്ടിലെ IV-ാം (എ) പൊതുവായ ചുമതലകൾ (ബി) മേഖലാ അടിസ്ഥാനത്തിലുള്ളവ എന്നിങ്ങനെ വിഭജിച്ചുകൊണ്ട് ബ്ലോക്ക് പ്ചായത്തുകൾക്ക് ചുമതലകൾ നൽകിയിരുന്നു.

**എ. പൊതുവായ ചുമതലകൾ**

1 ബ്ലോക്ക് തലത്തിൽ സർക്കാർ - സർക്കാരിതര സാങ്കേതിക വൈദഗ്ദ്ധ്യം ഉപയോഗപ്പെടുത്തുക.

2 ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുക.

3 ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്ത ശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക് വേഡ്, പോറ്വേഡ് ലിങ്കേജ് നൽകുകയും ചെയ്യുക.

**എ. പൊതുവായ ചുമതലകൾ**

**കൃഷി**

1 ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുക.

2 ഗ്രാമീണ തലത്തിലുള്ള പദ്ധതികൾക്കാവശ്യമായ കാർഷിക നിവേശനങ്ങൾ ഏർപ്പെടുത്തുക.

3 കാർഷിക പ്രദർശനങ്ങൾ നടത്തുക.

4 ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന നിർമറികൾ

5 കാർഷിക വായ്പ സ്വരൂപിക്കുക.

6 പട്ടുനൂൽ കൃഷി പ്രോത്സാഹിപ്പിക്കുക.

**മൃഗസംരക്.ണവും ക്ഷീരോൽപാദകവും**

1 വെറ്ററിനറി പോളി ക്ലീനിക്കുകളും മേഖലാ ക്രത്രിമ ബീജസങ്കലന കേന്ദ്രങ്ങളും നടത്തുക.

2 മൃഗദ സംരക്ഷണത്തിൽ വിദഗ്ദ്ധ സേവനം നൽകുക.

3 കന്നുകാലി - കോഴി പ്രദർശനങ്ങൾ നടത്തുക

**ചെറുകിട ജലസേചനം**

1 ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്കായുള്ള എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ചെറുകിട ജലസേചന പദ്ധതികളും പരിപാലിക്കുക.

**മത്സ്യ ബന്ധനം**

1 പരമ്പരാഗത കടവുകളുടെ വികസനം

**ചെറുകിട വ്യവസായങ്ങൾ**

1 മിനി ഇൻഡ്രസ്ട്രീയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.

2 എസ്.എസ്.ഐ. യുടെ മൂന്നിലൊന്ന് നിക്ഷേപ പരിധിയോടുകൂടിയുള്ള വ്യവസായങ്ങൾ പ്രോത്സാഹിപ്പക്കുക.